# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: ksad klm/P10/485/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 21/06/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ,സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
ഓഫീസ് പകർപ്പ്

നമ്പർ: ksad klm/P10/485/22 തീയ്യതി: 21/06/2022

## കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മാത്യൂറോയി.കെ.പി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 21-02-2022 | 28-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-02-2022 | 28-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. രഞ്ജിത് കുമാർ. ജി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി. പത്മകുമാരി.എൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അനിൽകുമാർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ഹർഷ എൽ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബി.അരുണാമണി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.കെ.അനിൽകുമാർ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഹരികുമാർ.എസ്.ജെ | കൃഷി അസി.ഡയറക്ടർ | 01-04-2019 | 30-06-2019 |
| ശ്രീമതി.റീന രവീന്ദ്രൻ | കൃഷി അസി.ഡയറക്ടർ | 01-07-2019 | 05-07-2019 |
| ശ്രീമതി.പുഷ്പ ജോസഫ് | കൃഷി അസി.ഡയറക്ടർ | 06-07-2019 | 31-03-2020 |
| ശ്രീമതി.സീന ജെറോം | അസി. എക്സി.എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ദീപ.ഡി.ആർ | അസി.എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സിന്ധു.പി.ഐ | എസ്.സി.ഡി.ഒ | 01-04-2019 | 29-09-2019 |
| ശ്രീ.ഹരിദാസ്.ജി | എസ്.സി.ഡി.ഒ | 30-09-2019 | 31-03-2020 |
| ഡോ.ഷഹാന.കെ.മുഹമ്മദ് | സൂപ്രണ്ട്,താലൂക്ക് ഹോസ്പിറ്റൽ | 01-04-2019 | 31-03-2020 |
| ഡോ.എം.കെ.വിമല | സി.എച്ച്.സി,ശൂരനാട് | 01-04-2019 | 31-03-2020 |
| ഡോ.ഫിലിപ്പ് തോമസ് വൈദ്യൻ | സി.എച്ച്.സി,മൈനാഗപ്പള്ളി | 01-04-2019 | 07-06-2019 |
| ഡോ.ബൈജു | സി.എച്ച്.സി,മൈനാഗപ്പള്ളി | 08-06-2019 | 31-03-2020 |
| ഡോ.ഷീബ.പി.ബേബി | അസി.പ്രോജക്ട് ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ഗംഗാഭായി.കെ.വി | സി.ഡി.പി.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി..ഉഷകുമാരി.ആർ | സി.ഡി.പി.ഒ,അഡീഷണൽ | 01-04-2019 | 31-03-2020 |
| ശ്രീ.അൻസർ.പി.എ | ഐ.ഡി.ഒ | 01-04-2019 | 31-03-2020 |
| ശ്രീ.ഓമനകുട്ടൻ.കെ | ക്ഷീരവികസന ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Anilkumar S (Senior Grade Auditor, On 09-03-2022)<br>Last Updated By: Santhosh N (Computer Assistant, On 10-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Padmakumari L (Asst. Audit Officer, On 13-06-2022)<br>Last Updated By: Padmakumari L (Asst. Audit Officer, On 13-06-2022) | 1-2 |
| 3 | വാർഷികകണക്ക് പരിശോധന<br>Written By: Padmakumari L (Asst. Audit Officer, On 20-03-2022)<br>Last Updated By: Santhosh N (Computer Assistant, On 13-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Padmakumari L (Asst. Audit Officer, On 21-03-2022)<br>Last Updated By: Santhosh N (Computer Assistant, On 10-06-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Padmakumari L (Asst. Audit Officer, On 20-03-2022)<br>Last Updated By: Santhosh N (Computer Assistant, On 10-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Anilkumar S (Senior Grade Auditor, On 10-03-2022)<br>Last Updated By: Santhosh N (Computer Assistant, On 10-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ranjith Kumar G (Audit Officer (HG), On 10-03-2022)<br>Last Updated By: Santhosh N (Computer Assistant, On 13-06-2022) | 1-6 |
| 8 | ക്യാഷ് പരിശോധന<br>Written By: Anilkumar S (Senior Grade Auditor, On 09-03-2022)<br>Last Updated By: Santhosh N (Computer Assistant, On 13-06-2022) | 1-7 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Anilkumar S (Senior Grade Auditor, On 09-03-2022)<br>Last Updated By: Santhosh N (Computer Assistant, On 13-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Anilkumar S (Senior Grade Auditor, On 09-03-2022)<br>Last Updated By: Santhosh N (Computer Assistant, On 10-06-2022) | 1-9 |
| 11 | ദിവസ വേതനത്തിന് ടൈപ്പിസ്റ്റിനെ നിയമിച്ച് വേതനം നൽകി<br>Written By: Harsha L (Auditor, On 20-03-2022)<br>Last Updated By: Santhosh N (Computer Assistant, On 13-06-2022) | 1-10 |
| 12 | പട്ടികജാതി വിഭാഗക്കാർക്ക് വിദേശത്ത് തൊഴിൽ ലഭ്യമാക്കാൻ ധനസഹായം നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല, നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.<br>Written By: Anilkumar S (Senior Grade Auditor, On 09-03-2022)<br>Last Updated By: Santhosh N (Computer Assistant, On 10-06-2022) | 1-11 |
| 13 | പ്രീ-മെടിക്ക് ഹോസ്റ്റൽ കുട്ടികൾക്ക് കലാ-കായിക മത്സരങ്ങൾ-ചെലവ് രേഖകളുടെ അഭാവത്തിൽ 1,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 10-03-2022)<br>Last Updated By: Santhosh N (Computer Assistant, On 10-06-2022) | 1-12 |
| 14 | പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാദീപം പഠനമുറി അധികം നൽകിയ തുക സർക്കാരിലേക്ക് ഒടുക്കുവരുത്തേണ്ടതാണ്.<br>Written By: Anilkumar S (Senior Grade Auditor, On 10-03-2022)<br>Last Updated By: Santhosh N (Computer Assistant, On 10-06-2022) | 1-13 |
| 15 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഏകീകൃത സൗകര്യമുള്ള പഠനമുറി-എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ വിശദമായ വാല്യൂവേഷൻ സാക്ഷ്യപത്രം | 1-14 |

| | | |
|---|---|---|
| | പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 17,70,000/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 10-03-2022)<br>Last Updated By: Santhosh N (Computer Assistant, On 10-06-2022) | |
| 16 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല<br>Written By: Ranjith Kumar G (Audit Officer (HG), On 03-03-2022)<br>Last Updated By: Santhosh N (Computer Assistant, On 13-06-2022) | 1-15 |
| 17 | സർക്കാർ അനുമതിയില്ലാതെ ജീവനക്കാരെ നിയമിച്ച് വേതനം നൽകിയത് അംഗീകരിക്കുന്നില്ല.<br>Written By: Harsha L (Auditor, On 14-03-2022)<br>Last Updated By: Santhosh N (Computer Assistant, On 13-06-2022) | 1-16 |
| 18 | സാംഖ്യാ രസീതുകൾ ഉപയോഗിക്കുന്നില്ല, രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല.<br>Written By: Harsha L (Auditor, On 20-03-2022)<br>Last Updated By: Santhosh N (Computer Assistant, On 13-06-2022) | 1-17 |
| 19 | ക്ഷീരവർദ്ധിനി വനിതാ ഗ്രൂപ്പുകൾക്ക് വേണ്ടിയുള്ള ചെലവ് ചട്ടവിരുദ്ധം<br>Written By: Harsha L (Auditor, On 20-03-2022)<br>Last Updated By: Santhosh N (Computer Assistant, On 13-06-2022) | 1-18 |
| 20 | രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Harsha L (Auditor, On 20-03-2022)<br>Last Updated By: Santhosh N (Computer Assistant, On 21-06-2022) | 1-19 |
| 21 | ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കൽ-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Padmakumari L (Asst. Audit Officer, On 20-03-2022)<br>Last Updated By: Santhosh N (Computer Assistant, On 13-06-2022) | 1-20 |
| 22 | തുല്യതാപരീക്ഷകൾക്ക് വിഹിതം നല്കൽ-രേഖകൾ ഹാജരാക്കിയില്ല..<br>Written By: Padmakumari L (Asst. Audit Officer, On 20-03-2022)<br>Last Updated By: Santhosh N (Computer Assistant, On 13-06-2022) | 1-21 |
| 23 | കളരി -കായികരംഗത്ത് പരിശീലനമത്സരം സംഘടിപ്പിക്കൽ - അധികം തുക ചെലവഴിച്ചു.<br>Written By: Padmakumari L (Asst. Audit Officer, On 20-03-2022)<br>Last Updated By: Santhosh N (Computer Assistant, On 21-06-2022) | 1-22 |
| 24 | മികവ് 2019 എസ്.എസ്.എൽ.സി പ്ലസ്സ് തലത്തിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കൽ - സർക്കാർ അനുമതിയില്ലാതെ പദ്ധതി നടപ്പിലാക്കി.<br>Written By: Padmakumari L (Asst. Audit Officer, On 20-03-2022)<br>Last Updated By: Santhosh N (Computer Assistant, On 13-06-2022) | 1-23 |
| 25 | കൃഷി അസി.ഡയറക്ടർ നടപ്പിലാക്കിയ പദ്ധതികൾ -ഗുണഭോക്തൃവിഹിതം കളക്റ്റ് ചെയ്തതിന്റെയോ ഒടുക്കുവരുത്തിയതിന്റെയോ രേഖകൾ ഹാജരാക്കിയില്ല.<br>Written By: Padmakumari L (Asst. Audit Officer, On 20-03-2022)<br>Last Updated By: Santhosh N (Computer Assistant, On 13-06-2022) | 1-24 |
| 26 | ബ്ലോക്ക് പഞ്ചായത്തിനും വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കും കമ്പ്യൂട്ടറും ഫോട്ടോസ്റ്റാറ്റ് മെഷീനും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ -സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.<br>Written By: Padmakumari L (Asst. Audit Officer, On 20-03-2022)<br>Last Updated By: Santhosh N (Computer Assistant, On 13-06-2022) | 1-25 |
| 27 | ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് ലാപ്ടോപ്പ് വാങ്ങൽ<br>Written By: Padmakumari L (Asst. Audit Officer, On 29-03-2022)<br>Last Updated By: Santhosh N (Computer Assistant, On 13-06-2022) | 1-26 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കളരി -കായികരംഗത്ത് പരിശീലനമത്സരം സംഘടിപ്പിക്കൽ - അധികം തുക ചെലവഴിച്ചു.<br>Written By: Santhosh N (Computer Assistant, On 13-06-2022)<br>Last Updated By: Santhosh N (Computer Assistant, On 21-06-2022) | 3-1 |
| 2 | മികവ് 2019 എസ്.എസ്.എൽ.സി പ്ലസ്സ് തലത്തിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കൽ - സർക്കാർ അനുമതിയില്ലാതെ പദ്ധതി നടപ്പിലാക്കി.<br>Written By: Santhosh N (Computer Assistant, On 13-06-2022)<br>Last Updated By: Santhosh N (Computer Assistant, On 13-06-2022) | 3-2 |
| 3 | ക്ഷീരവർദ്ധിനി വനിതാ ഗ്രൂപ്പുകൾക്ക് വേണ്ടിയുള്ള ചെലവ് ചട്ടവിരുദ്ധം<br>Written By: Santhosh N (Computer Assistant, On 13-06-2022)<br>Last Updated By: Santhosh N (Computer Assistant, On 13-06-2022) | 3-3 |
| 4 | പട്ടികജാതി വിഭാഗക്കാർക്ക് വിദേശത്ത് തൊഴിൽ ലഭ്യമാക്കാൻ ധനസഹായം നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല, നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.<br>Written By: Santhosh N (Computer Assistant, On 13-06-2022)<br>Last Updated By: Santhosh N (Computer Assistant, On 13-06-2022) | 3-4 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Anilkumar S (Senior Grade Auditor, On 09-03-2022)<br>Last Updated By: Santhosh N (Computer Assistant, On 13-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Anilkumar S (Senior Grade Auditor, On 09-03-2022)<br>Last Updated By: Santhosh N (Computer Assistant, On 13-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Anilkumar S (Senior Grade Auditor, On 09-03-2022)<br>Last Updated By: Santhosh N (Computer Assistant, On 13-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Anilkumar S (Senior Grade Auditor, On 09-03-2022)<br>Last Updated By: Santhosh N (Computer Assistant, On 13-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Anilkumar S (Senior Grade Auditor, On 09-03-2022)<br>Last Updated By: Santhosh N (Computer Assistant, On 13-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Anilkumar S (Senior Grade Auditor, On 09-03-2022)<br>Last Updated By: Santhosh N (Computer Assistant, On 13-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Anilkumar S (Senior Grade Auditor, On 09-03-2022)<br>Last Updated By: Santhosh N (Computer Assistant, On 13-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ട്<br>Written By: Anilkumar S (Senior Grade Auditor, On 09-03-2022)<br>Last Updated By: Santhosh N (Computer Assistant, On 13-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Anilkumar S (Senior Grade Auditor, On 09-03-2022)<br>Last Updated By: Santhosh N (Computer Assistant, On 13-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Anilkumar S (Senior Grade Auditor, On 21-03-2022)<br>Last Updated By: Santhosh N (Computer Assistant, On 21-06-2022) | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Anilkumar S (Senior Grade Auditor, On 09-03-2022)<br>Last Updated By: Santhosh N (Computer Assistant, On 13-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

1.3.19 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.20 | 05.06.20 | - | - |

### 1-2-1 വാർഷികകണക്ക് പരിശോധന

1. ട്രഷറി അക്കൗണ്ടിലേക്ക് വരവ് വന്ന 1,16,807/- രൂപ നിലവിലും ക്രെഡിറ്റ് ആയിട്ടില്ല. ക്യാഷ് ബുക്ക് പ്രകാരം ബാലൻസ് 30,12,955/- അക്കൗണ്ടിൽ ബാലൻസ് 28,96,088/-(-60 എക്സസ് തുക).
2. എൈ.എ.വൈ.വരവ്, ചെലവ് എന്നിവ കൃഷ് ബുക്ക് പ്രകാരം യഥാക്രമം 9,42,532/-ഉം 32,19,750/-ഉം ആണ്. എന്നാൽ വാർഷിക പത്രികയിലെ വരവ് ചെലവുകൾ 3,33,771/-ഉം 26,10,990/- ഉം വരവ് ചെലവ് തുകകളിൽ വലിയ അന്തരം വന്നതിന്റെ കാരണം ബോധ്യപ്പെടുത്താൻ സാധിച്ചിട്ടില്ല.
3. എം.എൽ.എ-എസ്സ്.ഡി.എഫ്.വരവ്, ചെലവ് എന്നിവ കൃഷ് ബുക്ക് പ്രകാരം യഥാക്രമം 25,54,649/-ഉം 24,43,849/-ഉം ആണ്. എന്നാൽ വാർഷിക പത്രികയിലെ വരവ് ചെലവുകൾ 25,39,072/-ഉം 24,28,272/- ഉം വരവ് ചെലവ് തുകകളിൽ വലിയ അന്തരം വന്നതിന്റെ കാരണം ബോധ്യപ്പെടുത്താൻ സാധിച്ചിട്ടില്ല.
4. ബാലൻസ് ഷീറ്റിലെ ബി.3 ഷെഡ്യൂളും ബി.11 ഷെഡ്യൂളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
5. ബി.11 ഷെഡ്യൂളിൽ അക്യുമലേറ്റഡ് ഡിപ്രീസിയേഷൻ ഇനത്തിൽ വാട്ടർ വെയ്സ് എന്ന ഇനം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിനായി ആസ്തി ഉൾപ്പെടുത്തിയിട്ടില്ല.
6. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തി പരിപാലിക്കുകയോ വാല്യു ബെയ്സ്ഡ് ആക്കിയിട്ടോ ഇല്ലാത്തതിനാൽ ക്ലോസിംഗ് സ്റ്റോക്ക് മൂല്യം പരിശോധിച്ചിട്ടില്ല.
9. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ ആസ്തിമൂല്യം ഡിപ്രിസിയേഷൻ എന്നിവയുടെ കൃത്യത പരിശോധിച്ചിട്ടില്ല.
10. തനത് ഫണ്ട് വകയിരുത്തി നടപ്പിലാക്കിയ പദ്ധതികളൊന്നും തന്നെ സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.
11. തൊഴിലുറപ്പ് പദ്ധതിയുടെ അക്കൗണ്ട് വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,72,96,692/-രൂപ |
| ഓഡിറ്റ് വർഷത്തെ വരവ് | 6,07,29,358/-രൂപ |
| ആകെ | 8,80,26,050/-രൂപ |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,44,60,477/-രൂപ |
| നീക്കിയിരിപ്പ് | 2,35,65,573/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം /ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,12,415/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,37,47,475/-രൂപ |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ്(₹) | വരവ്(₹) | ആകെ(₹) | ചെലവ്(₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 48542000/- | 48542000/- | 25355893/- | 23186107/- |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 30270000/- | 30270000/- | 21729273/- | 8540727/- |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 3,93000/- | 3,93,000/- | 0 | 393000/- |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 6344000/- | 6344000/- | 3363691/- | 2980309/- |
| എം.എൽ.എ-എസ്സ്.ഡി.എഫ്. | 728883/- | 2539072/- | 3267955/- | 2428272/- | 839683/- |
| എൻ.പി.ആർ.പി.ഡി. | 10489/- | 350/- | 10839/- | 10839/- | 0 |
| റ്റി.എസ്സ്.സി. | 1885912/- | 72971/- | 1958883/- | 81189/- | 1877694/- |
| ഐ.എ.വൈ | 18676236/- | 333771/- | 19010007/- | 2610990/- | 16399017/- |
| അഡ്മിനിസ്റ്റേറ്റീവ് ഫണ്ട് | 22205/- | 28895/- | 51100/- | 51100/- | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 137 | 85156000/- | 86 | 50448857/- | 13 | 38 | 63 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3596/- | 935208/- | 938804/- | 931291/- | 7513/- |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 0 | 0 | 0 | 0 |
| ആകെ | 3596/- | 935208/- | 938804/- | 931291/- | 7513/- |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.2.2022 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ്

ബാലൻസ് ഇല്ല.

1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.6.2016 | 2012-13 To 2015-16 | 23.12.16 |
| പെർഫോർമൻസ് ഓഡിറ്റ് | 4.2.2022 | 2020-21 | Nil |

1-9 ആഭ്യന്തര നിയന്ത്രണം

ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്. സാംഖ്യ സോഫ്റ്റ്‌വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ച് വരവുകൾ സ്വീകരിക്കുന്നതിന് പകരം കൈകൊണ്ടെഴുതുന്ന രസീതുകളാണ് ഉപയോഗിച്ചുവരുന്നത്. ഈ വിവരങ്ങൾ കൃത്യമായി സാംഖ്യയിലേക്ക് ഇന്ററപ്റ്റഡ് രസീത് വഴി കാലികമാക്കുന്നില്ല. കമ്പ്യൂട്ടർ രസീതുകൾ, കൈകൊണ്ടെഴുതുന്ന രസീതുകൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. നിർവ്വഹണദ്യോഗസ്ഥർക്ക് നൽകുന്ന രസീതുകൾ സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തിയിട്ടുണ്ടെങ്കിലും എല്ലാ മാസങ്ങളിലും റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല. ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ അവസാനിപ്പിച്ച് നീക്കിയിരിപ്പ് ബന്ധപ്പെട്ട ഫണ്ടുകളിലേക്ക് മാറ്റേണ്ടതുണ്ട്. സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പറുകൾ നല്കി ആസ്തി രജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല. പഞ്ചായത്തിന്റെ ആസ്തികൾ നഷ്ടമാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിലെ ചെലവിനാധാരമായ എല്ലാ വൗച്ചറുകൾ എഴുതി സൂക്ഷിക്കുന്നില്ല. തനത് ഫണ്ട് പ്രോജക്ട് തുകകൾ സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ പദ്ധതി പ്രകാരമുള്ള തനത് ഫണ്ട് തുകകളുടെ ചെലവ് കൃത്യതയോടുകൂടി പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതി നിർവ്വഹണം കര്യക്ഷമമായി നടപ്പിൽ വരുത്തുന്നില്ല. 2019-20 വർഷത്തിൽ അംഗീകാരം ലഭിച്ച 38 പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

1-10 ദിവസ വേതനത്തിന് ടൈപ്പിസ്റ്റിനെ നിയമിച്ച് വേതനം നൽകി

ബ്ലോക്ക് പഞ്ചായത്തിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് അവധി എടുത്ത കാലയളവിൽ ദിവസവേതനത്തിന് ഒരു ടൈപ്പിസ്റ്റിനെ നിയമിച്ച് വേതനം നല്കിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ജീവനക്കാരിയുടെ പേര് | കാലയളവ് | ദിവസങ്ങളുടെ എണ്ണം | ചെക്ക് നം/തീയതി | കൈപ്പറ്റിയ തുക (₹) | കുറിപ്പ് |
|---|---|---|---|---|---|
| ശ്രീമതി. ആർദ്രാ ശശിധരൻ | 17.06.19 മുതൽ 01.07.19 വരെ | 13 | 2178428/ 19.07.19 | 9230/- (710*13) | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് മെഡിക്കൽ ലീവെടുത്തതിന് |
| ശ്രീമതി. അശ്വതി.എ | 13.12.19<br>13.01.20<br>14.01.20<br>16.01.20<br>17.01.20 | 5 | 2924809/ 18.02.20 | 3550/- (710*5) | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ലീവെടുത്തതിന് |

| | | | | | |
|---|---|---|---|---|---|
| | | | ആകെ | 12780/- | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാരിന്റെ അനുമതിയുടെ അഭാവത്തിൽ ഓഫീസ് സംബന്ധമായ ജോലികൾ നിർവ്വഹിക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് വേതനം നൽകിയ ഇനത്തിലുള്ള 12,780/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മതിയായ വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം : 05/26.02.22, 11/02.02.22.

തടസ്സപ്പെടുത്തിയ തുക: 12,780/- രൂപ.

1-11 പട്ടികജാതി വിഭാഗക്കാർക്ക് വിദേശത്ത് തൊഴിൽ ലഭ്യമാക്കാൻ ധനസഹായം നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല, നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

പ്രോജക്റ്റ് നം-S0011/20.

അടങ്കൽ തുക-12,00,000/-രൂപ (വികസനഫണ്ട്-എസ്.സി.പി).

ചെലവ് – 5,00,000/-രൂപ.

നിർവ്വഹണം – എസ്.സി.ഡി.ഒ.

സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം. 22/18/തസ്വഭവ, തീയതി 14-02-2018, ഖണ്ഡിക 7.2.4 പ്രകാരം പട്ടികജാതി വിഭാഗക്കാർക്ക് വിദേശത്ത് തൊഴിൽ ലഭ്യമാക്കാൻ ധനസഹായം നൽകണമെങ്കിൽ തൊഴിൽ വിസയും, വിമാനടിക്കറ്റും ഹാജരാക്കേണ്ടതാണ്. ഗുണഭോക്തൃലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണം. ആയതിനു ശേഷം ഗ്രാമ/വാർഡ് സഭയിൽ അവതരിപ്പിക്കേണ്ടതുമാണ്. 2019-20 വർഷത്തിൽ എസ്.സി.ഡി.ഒ. നിർവ്വഹണം നടത്തിയ മേൽ പദ്ധതിയുടെ അപാകതകൾ താഴെപ്പറയും പ്രകാരമാണ്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് വിവരം | നൽകിയ തുക/ബിൽ നം./ തിയതി | റിമാർക്ക്സ് |
|---|---|---|---|
| 1. | അമൽ.കെ അനന്ദു ഭവനം, മുതുപിലാക്കാട് പടിഞ്ഞാറ് | ₹1,00,000/- (14/19-20 Dt.24.8.19) | ടിയാൾ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ആനുകല്യത്തിന് ഹാജരാക്കാൻ എസ്.സി.ഡി.ഒ, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് നൽകിയ സാക്ഷ്യപത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. സ.ഉ(കൈ)നം. 22/18/തസ്വഭവ, തീയതി 14-02-2018 പ്രകാരം ഗുണഭോക്തൃലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ആയതിനു ശേഷം ഗ്രാമ/വാർഡ് സഭയിൽ അവതരിപ്പിക്കേണ്ടതുമാണ്. ആയത് നടത്തിയിട്ടില്ല. |
| 2. | അനൂബ്.എ അജേഷ് ഭവനം അമ്പലത്തുംഭാഗം പോരുവഴി | ₹1,00,000/- (29/19-20 Dt.6.11.19) | വിസ പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല. |
| 3. | അനി, | ₹1,00,000/- | ടിയാൾ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ |

| | | | |
|---|---|---|---|
| | കൊച്ചുണ്ടിൽ മൈനാഗപ്പള്ളി (വാർഡ്-19) | (47/19-20 Dt.13.1.20) | ഉൾപ്പെട്ടിട്ടില്ല. സ.ഉ(കൈ)നം. 22/18/തസ്വഭവ, തീയതി 14-02-2018 പ്രകാരം ഗുണഭോക്തൃലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ആയതിനു ശേഷം ഗ്രാമ/വാർഡ് സഭയിൽ അവതരിപ്പിക്കേണ്ടതുമാണ്. ആയത് നടത്തിയിട്ടില്ല. |
| | ആകെ | ₹3,00,000/- | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഫയൽ പരിശോധിച്ച് പിന്നീട് മറുപടി ഹാജരാക്കുന്നതാണെന്ന വിശദീകരണമാണ് ലഭ്യമാക്കിയത്. ആയതിനാൽ മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് മതിയായ വിശദീകരണം ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഗ്രാമസഭ അംഗീകരിക്കാത്ത ക്രമ നം. 1, 3 എന്നിവരുടെ ചെലവ് തുക 2,00,000/-രൂപ നിരാകരിക്കുകയും വിസ ഹാജരാക്കാത്ത 1,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം, മേൽ ഗുണഭോക്താക്കളുടെ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ്, വിസ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം.-2/28.2.22.
നിരാകരിക്കുന്ന തുക – 2,00,000/-രൂപ.
തടസ്സപ്പെടുത്തുന്ന തുക – 1,00,000/-രൂപ.

1-12 പ്രീ-മെട്രിക്ക് ഹോസ്റ്റൽ കുട്ടികൾക്ക് കലാ-കായിക മത്സരങ്ങൾ-ചെലവ് രേഖകളുടെ അഭാവത്തിൽ 1,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം-S0046/20.

അടങ്കൽ തുക-1,00,000/-രൂപ (വികനഫണ്ട്-എസ്.സി.പി.).

ചെലവ്-1,00,000/-രൂപ.

ബിൽ നം. – 52/19-20 Dt.18.1.20.

2019-20 വർഷത്തിൽ എസ്.സി.ഡി.ഒ. നിർവ്വഹണം നടത്തിയ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പ്രീ-മെട്രിക്ക് ഹോസ്റ്റലിലെ കുട്ടികൾക്ക് കലാ-കായിക മത്സരങ്ങൾക്ക് 1,00,000/-രൂപ ചെലവഴിച്ചു. ആയതിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥനുമായി ബന്ധപ്പെട്ട് മറുപടി ലഭ്യമാക്കുന്നതാണെന്ന വിശദീകരണമാണ് ലഭ്യമാക്കിയത്. ആയതിനാൽ ചെലവ് രേഖകളുടെ അഭാവത്തിൽ 1,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം.-3/ 28.2.22.
തടസ്സപ്പെടുത്തുന്ന തുക – 1,00,000/-രൂപ .

1-13 പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാദീപം പഠനമുറി അധികം നൽകിയ തുക സർക്കാരിലേക്ക് ഒടുക്കുവരുത്തേണ്ടതാണ്.

പ്രോജക്റ്റ് നം-S0020/20.

അടങ്കൽ തുക-36,00,000/-രൂപ (വികനഫണ്ട്-എസ്.സി.പി.)

ചെലവ്-17,70,000/-രൂപ.

നിർവ്വഹണം-എസ്.സി.ഡി.ഒ.

പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാദീപം പഠനമുറി എന്ന പദ്ധതിയിലെ ഗുണഭോക്താവായ ശ്രീമതി. പ്രസന്നകുമാരി, വെങ്ങോല ഇടപ്പുര, തൃക്കുന്നപ്പുഴ വടക്ക്, കക്കാക്കുന്ന് പി.ഒ, എന്നയാൾക്ക് പഠനമുറി നിർമ്മാണത്തിന് മൂന്നാം ഗഡുവായ 80,000/-രൂപ (ബിൽ നം.-50/19-20, Dt.18.1.20) രണ്ടു തവണ നൽകി. 80,000/-രൂപ ഗുണഭോക്താവ് 9.3.20-തീയതിയിലെ 38/220-നമ്പർ രസീത് പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ തുക ഒടുക്കു വരുത്തിയെങ്കിലും, ആയത് കൺസോളിഡേറ്റഡ് ഫണ്ടിന്റെ ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കു വരുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കൺസോളിഡേറ്റഡ് ഫണ്ടിന്റെ ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കു വരുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയതിനാൽ 80,000/-രൂപ കൺസോളിഡേറ്റഡ് ഫണ്ടിന്റെ ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കു വരുത്തിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി നം.7/ 28.2.22.

1-14 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഏകീകൃത സൗകര്യമുള്ള പഠനമുറി-എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ വിശദമായ വാല്യൂവേഷൻ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 17,70,000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ – S0020/20.
അടങ്കൽ തുക – 36,00,000/- രൂപ (വികസനഫണ്ട്-എസ്.സി.പി.)
ചെലവ്-17,70,000/-രൂപ.
(ബിൽ നം. 28/06.11.2019, 35/16.11.2019, 42, 43, 44, 50/18.01.2020, 55/20.01.2020)
നിർവ്വഹണം – പട്ടികജാതി വികസന ഓഫീസർ

2019-20 വർഷത്തിൽ ആരംഭിച്ച പട്ടികജാതി വിദ്യാർത്ഥികൾക്ക് ഏകീകൃത സൗകര്യമുള്ള പഠനമുറിയെന്ന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്ത് എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ വാല്യൂവേഷന്റെ അടിസ്ഥാനത്തിലല്ല തുക നൽകിരിക്കുന്നത്. ആയതിന് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. (ഒരു ഗുണഭോക്താവിന് 2 ലക്ഷം രൂപ വീതം).

| ക്രമ നം. | ഗുണഭോക്താവിന്റെ പേരുവിവരം |
|---|---|
| 1 | നന്ദു നാരായണൻ, പനവിളപുത്തൻവീട്, തോട്ടത്തുംമുറി, ഉരുത്തിക്കര. |
| 2 | അഭിസുനിൽ, പെരുമ്പ്ര പടിഞ്ഞാറ്റതിൽ, ഇടയ്ക്കാട്, പോരുവഴി. |
| 3 | അഭിരാമി, വെങ്ങോല ഇടപ്പുര, തൃക്കുന്നപ്പുഴ വടക്ക്, പോരുവഴി. |
| 4 | അതുല്യഹരി, അജിമന്ദിരം, പനപ്പെട്ടി, പോരുവഴി. |
| 5 | അനശ്വര. എസ്, കോട്ടേകുന്നത്ത് പടിഞ്ഞാറ്റതിൽ, മാനാമ്പുഴ പി.ഒ. |
| 6 | ഗായത്രി. എസ്, ഇംമ്പള്ളൂർ പാട്ട് കിഴക്കതിൽ, ഐവർകാല, പുത്തനമ്പലം. |
| 7 | അഭിരാം, വൃന്ദാവനം, നടുവിലേമുറി, ആനയടി പി.ഒ. |
| 8 | ആര്യരമേശ്, ആര്യാഭവനം, പനപ്പെട്ടി, പോരുവഴി |
| 9 | ആര്യകൃഷ്ണൻ, ആര്യാഭവനം, ഐത്തോട്ടുവ, പടിഞ്ഞാറേ കല്ലട |
| 10 | ശില്പമോഹൻ, കണ്ണാന്തറ കിഴക്കതിൽ, കണത്താർകുന്നം, പടിഞ്ഞാറേ കല്ലട |

എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ വാല്യൂവേഷൻ ലഭ്യമാക്കാത്ത ഗുണഭോക്താക്കൾ നടത്തിയ നിർമ്മാണ പ്രവൃത്തിയുടെ വിശദമായ വാല്യൂവേഷൻ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, നിർമ്മാണം പൂർത്തീകരിച്ച എല്ലാ ഗുണഭോക്താക്കൾക്കും വാല്യൂവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥനത്തിലാണ് അവസാന ഗഡു

അനുവദിച്ചിട്ടുള്ളത് എന്നും, ആയത് കണ്ടെത്തി പരിശോധനയ്ക്ക് സമർപ്പിക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ആയതിനാൽ 2019-20 വർഷത്തിൽ കരാറിൽ ഏർപ്പെട്ട് പഠനമുറി പൂർത്തികരിച്ച ഗുണഭോക്താക്കളുടെ ആനുകൂല്യത്തിന് ആധാരമായ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ വിശദമായ വാല്യൂവേഷൻ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 17,70,000/-രൂപയുടെ ചെലവും ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. വാല്യൂവേഷൻ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ-8

1-15 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്റ്റ് നം. 69/20.
ആശുപത്രിക്ക് മരുന്ന വാങ്ങൽ.
അടങ്കൽ - 6,00,000/-രൂപ (മെയിന്റനൻസ് ഗ്രാന്റ്).
ചെലവ് - 6,00,000/-രൂപ (ബിൽ നം. 10/14 - 01-20).
നിർവ്വഹണം – സൂപ്രണ്ട്, താലൂക്ക് ആശുപത്രി.

താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ ഇൻവോയിസ് നം. പി.ആർ.ഡി.3170 പ്രകാരം 6,00,000/-രൂപ മേൽ ബില്ല് പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന മരുന്നുകൾ ലഭ്യമായ മരുന്നുകളുടെ ബിൽ പ്രകാരം നാളിതുവരെ ലഭ്യമായതായി കാണുന്നില്ല. മരുന്നുകൾ ലഭ്യമാക്കി ആവശ്യമായ ശേഖരണ വിതരണ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | മരുന്നിന്റെ പേര് | എണ്ണം | വില (രൂപ) |
|---|---|---|---|
| 1 | Centrizine 10mg Tab | 10020 | 2377.74 |
| 2 | Losartan Pottassium 50mg Tab | 10000 | 7797 |
| 3 | Metrogyl400mg Tab | 3300 | 27759.46 |
| 5 | Pantroorazole 40mg Tab | 6300 | 61935.3 |
| 6 | Lyzer Forte Tab | 1000 | 9141.7 |
| | ആകെ | | 109011.2 |

1-16 സർക്കാർ അനുമതിയില്ലാതെ ജീവനക്കാരെ നിയമിച്ച് വേതനം നൽകിയത് അംഗീകരിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യപത്രിക തയ്യാറാക്കുന്നതിനും, 2019-20 വർഷത്തെ വാർഷിക പദ്ധതി പ്രോജക്ടുകൾ തയാറാക്കുന്നതിനും ദിവസവേതനത്തിന് ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിച്ച് 36,920/- രൂപ ചെലവു ചെയ്തു. വിശദവിവരം ചുവടെ ചേർക്കുന്നു.

| കാലയളവ് | ജോലി ചെയ്ത ദിവസങ്ങളുടെ എണ്ണം | ജോലി സ്വഭാവം | കൈപ്പറ്റിയ തുക (രൂപ) | ചെക്ക് നം:/തീയതി |
|---|---|---|---|---|
| ശ്രീമതി. ആർ. കെ. രഞ്ജിനി | 5 ദിവസം | 2018-19 വർഷത്തെ വാർഷികധനകാര്യപത്രിക തയ്യാറാക്കൽ | 3550/- (710*5) | 2151293/ 11.06.19 |
| ശ്രീമതി. എ. അശ്വതി | 2 ദിവസം | 2019-20 വാർഷിക പദ്ധതി പ്രോജക്ടുകൾ തയ്യാറാക്കൽ | 1420/- (710*2) | 2178429/ 19.07.19 |

| | | | | |
|---|---|---|---|---|
| ശ്രീമതി. എ. അശ്വതി | 45 ദിവസം | ക്ഷീരവികസന ഓഫീസിലെ 2019-20 വർഷത്തെ പ്രോജക്ടുകളുടെ ഡേറ്റാ എൻട്രി | 31950/- (710*45) | 2924835/ 16.03.20 |
| ആകെ: | | | 36920/- | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിട്ടില്ല. ആയതിനാൽ സർക്കാരിന്റെ അനുമതിയുടെ അഭാവത്തിൽ ഓഫീസ് സംബന്ധമായ ജോലികൾ നിർവ്വഹിക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് വേതനം നൽകിയ 36,920/- രൂപ തടസ്സപ്പെടുത്തുന്നു. സർക്കാരിന്റെ അനുമതി എത്രയും വേഗം ലഭ്യമാക്കാത്ത പക്ഷം ഈ ചെലവ് അനധികൃതമായി കണക്കാക്കി ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം : 04/26.02.22; 05/26.02.22; 11/02.03.22

തടസ്സപ്പെടുത്തിയ തുക: 36,920/- രൂപ.

1-17 സാംഖ്യാ രസീതുകൾ ഉപയോഗിക്കുന്നില്ല, രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ലെ ചട്ടം 20(ഡി) പ്രകാരം അക്കൗണ്ടിംഗ് സമ്പ്രദായം കമ്പ്യൂട്ടർവത്ക്കരിക്കുമ്പോൾ കമ്പ്യൂട്ടർവത്കൃത രസീത് നൽകേണ്ടതും അതിനായി സർക്കാർ നിർദ്ദേശിക്കുന്ന നടപടിക്രമങ്ങൾ അവലംബിക്കേണ്ടതുമാണ്. എന്നാൽ സാംഖ്യ സോഫ്റ്റ്‌വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ച് വരവുകൾ സ്വീകരിക്കുന്നതിന് പകരം കൈകൊണ്ടെഴുതുന്ന രസീതുകളാണ് ഉപയോഗിച്ചുവരുന്നത്.

കെ.ടി.സി. വോളിയം-1, ആർട്ടിക്കിൾ 90ബി കുറിപ്പ് 3 പ്രകാരം ആവശ്യമായ രസീത് പുസ്തകങ്ങൾ (മെഷീൻ നമ്പറോട് കൂടിയവ) വകുപ്പ് മേധാവിയോ മറ്റ് നിയന്ത്രണാധികാരിയോ ലഭ്യമാക്കേണ്ടതും താഴെ തട്ടിലുള്ള ഉദ്യോഗസ്ഥർക്ക് കൈമാറേണ്ടതുമാണ്. ലഭ്യമായതും വിതരണം ചെയ്തതുമായ പുസ്തകങ്ങളുടെ എണ്ണം (ഓരോന്നിലെയും ഫോറങ്ങളുടെ എണ്ണം സഹിതം) സൂചിപ്പിക്കുന്ന സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതാണ്. എന്നാൽ രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ വിതരണ വിവരം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ലെന്ന് ബോധ്യപ്പെട്ടു. ഗുണഭോക്തൃവിഹിതം ഈടാക്കുന്നതിനായി നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രസീത് ബുക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. വെറ്ററിനറി സർജന് നൽകിയ 712-ആം നമ്പർ രസീത് ബുക്ക് സ്റ്റോക്കിൽ ഉൾപ്പെട്ടിട്ടില്ല. ടി ബുക്ക് പ്രകാരം ശേഖരിച്ച തുക ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. ആയതിനാൽ രസീതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സെക്രട്ടറി ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം : 09/28.02.22.

1-18 ക്ഷീരവർദ്ധിനി വനിതാ ഗ്രൂപ്പുകൾക്ക് വേണ്ടിയുള്ള ചെലവ് ചട്ടവിരുദ്ധം

2019-20 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് ക്ഷീരവികസന ഓഫീസിലെ ക്ഷീരവർദ്ധിനി വനിതാ ഗ്രൂപ്പുകൾക്ക് ഡയറി യൂണിറ്റ് പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് തപാൽസ്റ്റാമ്പ്, സ്റ്റേഷനറി സാധനങ്ങൾ എന്നിവ വാങ്ങിയതിന് 1,825/- രൂപ (ചെക്ക് നം: 2924727/06.11.19) നൽകി. എന്നാൽ ചെലവിന് ആധാരമായ യാതൊരു രേഖകളും പരിശോധനയ്ക്ക്

ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിലും ക്ഷീരവർദ്ധിനി ഗ്രൂപ്പുകളുടെ ഈ ചെലവുകൾ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ചത് ക്രമപ്രകാരമല്ലാത്തതിനാലും ചെലവഴിച്ച 1,825/- രൂപ നിരാകരിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം: 11/02.02.22.

നിരാകരിച്ച ചെലവ് : 1,825/- രൂപ.

1-19 രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു.

ബ്ലോക്ക് പഞ്ചായത്തിലെ 2019-20 വർഷത്തെ തനതു ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ചെലവ് വൗച്ചറുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നം: | ചെക്ക് നമ്പർ/ തീയതി | തുക (₹) | ഉദ്ദേശ്യം |
|---|---|---|---|
| 1 | 003627/01.04.19 | 8,240/- | ഔദ്യോഗിക വാഹനത്തിന്റെ (KL 61 8548) ഇൻഷ്വറൻസ് തുക അനുവദിച്ചത് |
| 2 | 003629/03.07.19 | 5,000/- | VEO, പ്രിയ സൈമൺ ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത് |
| 3 | 003630/03.07.19 | 5,000/- | VEO, സിജി സൈമൺ ശൂരനാട് നോർത്ത് ഗ്രാമപഞ്ചായത്ത് |
| 4 | 003831/03.07.19 | 5,000/- | VEO, ബേബി, കുന്നത്തൂർ ഗ്രാമപഞ്ചായത്ത് |
| 5 | 003832/03.07.19 | 5,000/- | VEO, അനൂപ് റ്റി ശൂരനാട് സൗത്ത് ഗ്രാമപഞ്ചായത്ത് |
| 6 | 003834/03.07.19 | 5,000/- | VEO, റോബിൻ സാമുവൽ പോരുവഴി ഗ്രാമപഞ്ചായത്ത് |
| 7 | 003835/03.07.19 | 5,000/- | VEO, രതീഷ് കുമാർ. ആർ വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്ത് |
| 8 | 003836/03.07.19 | 5,000/- | VEO, റഹീന. ആർ മൈനാഗപ്പള്ളി ഗ്രാമ പഞ്ചായത്ത് |
| 9 | 003837/03.07.19 | 5,000/- | VEO, പ്രിയ സൈമൺ ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത് |
| 10 | 003838/03.07.19 | 5,000/- | VEO, സിജി.ബി.എസ് ശൂരനാട് നോർത്ത് ഗ്രാമപഞ്ചായത്ത് |
| 11 | 003839/03.07.19 | 5,000/- | VEO, ബേബി കുന്നത്തൂർ ഗ്രാമപഞ്ചായത്ത് |
| 12 | 003840/03.07.19 | 5,000/- | VEO, അനൂപ് റ്റി ശൂരനാട് സൗത്ത് ഗ്രാമപഞ്ചായത്ത് |
| 13 | 004441/03.08.19 | 4,750/- | VEO, റോബിൻ സാമുവൽ പോരുവഴി ഗ്രാമപഞ്ചായത്ത് |
| 14 | 004442/03.08.19 | 5,000/- | VEO, രതീഷ് കുമാർ.ആർ വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്ത് |
| 15 | 004443/03.08.19 | 5,000/- | VEO, റഹീന. ആർ മൈനാഗപ്പള്ളി ഗ്രാമ പഞ്ചായത്ത് |
| 16 | 004444/04.09.19 | 3,320/- | സായുധസേനാ പതാക ദിന സ്റ്റാമ്പ് 2017-തുക അടയ്ക്കുന്നത് |
| 17 | 004445/16.10.19 | 10,000/- | ഹരിതമിഷൻ ദൃഷ്ടി മൊബൈൽ ആപ്ലിക്കേഷൻ പരിശീലനം തുക അനുവദിച്ചത് |

| | | | |
|---|---|---|---|
| 18 | 004447/19.11.19 | 70,000/- | ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് ഐഎസ്ഒ സർട്ടിഫിക്കേഷൻ 2019 അഡ്വാൻസ് തുക അനുവദിച്ചത് |
| 19 | 004449/12.12.19 | 6,545/- | സെക്രട്ടറിയുടെ വാഹനമായ (KL 61 8548) സർവീസ് തുക അനുവദിച്ച നൽകിയത് |
| 20 | 004451/24.12.19 | 3,000/- | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ വീഡിയോ ചെലവ് |
| 21 | 004454/27.12.19 | 10,000/- | കില ട്രെയിനിങ് അഡ്വാൻസ് തുക അനുവദിച്ചത് |
| 22 | 004455/27.12.19 | 15,000/- | കില ട്രെയിനിങ് അഡ്വാൻസ് തുക അനുവദിച്ചത് |
| 23 | 004457/10.01.20 | 1,00,000/- | ലൈഫ് ഗുണഭോക്താക്കളുടെ കുടുംബ സംഗമവും അദാലത്തും അഡ്വാൻസ് തുക |
| 24 | 004458/20.01.20 | 19,721/- | കിലയുടെ നേതൃത്വത്തിൽ ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കൽ |
| 25 | 004459/22.01.20 | 15,820/- | 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ട് നമ്പർ 107/20 ജനകീയ സൗഹൃദ ഓഫീസ് സന്ദർശകർക്ക് ഇരിപ്പിടവും, ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ഫയൽ സൂക്ഷിക്കാൻ കോറുഗേറ്റഡ് ബോക്സ് വാങ്ങിയതിന്റെയും തുക അനുവദിച്ചത് |
| 26 | 004460/24.01.20 | 81,000/- | ലൈഫ് മിഷൻ കുടുംബ സംഗമവും, അദാലത്തും തുക പിൻവലിച്ചത് |
| 27 | 004461/30.01.20 | 24,000/- | ഐ.എസ്.ഒ പ്രോജക്ട് S007/20 നോട്ടീസ്, പൗരാവകാശരേഖ പ്രിൻറിംഗ് ചാർജ് അനുവദിച്ചത് (കേരള ഓഫ്സെറ്റ്/സിനിമ പറമ്പ്) |
| 28 | 004462/05.02.20 | 6,000/- | ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് ദിനാഘോഷം 2020 ചെലവ് തുക അനുവദിച്ചത് |
| 29 | 004463/13.02.20 | 36,970/- | ലൈഫ് മിഷൻ കുടുംബ സംഗമവും, അദാലത്തും ചെലവ് തുക അനുവദിച്ചത് |
| ആകെ: | | 4,79,366/- | |

ചെലവ് രേഖകൾ ഹാജരാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവ് തുകയായ 4,79,366/-രൂപ തടസ്സപ്പെടുത്തുന്നു. ചെലവ് സംബന്ധമായ രേഖകൾ മുൻകൂർ ക്രമീകരിച്ചതിന്റെ വൗച്ചറുകൾ ഓഡിറ്റിന് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി : 10/28.02.20.

തടസ്സപ്പെടുത്തിയ തുക : 4,79,366/-രൂപ.

1-20 ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കൽ-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം നല്കിയിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകളോ തുകയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റോ ഹാജരാക്കിയിട്ടില്ല. വിശദവിവരം ചചുവടെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി.

| പ്രോജക്ട് | അടങ്കൽ (₹) | ചെലവ് (₹), ബിൽ നമ്പർ |
|---|---|---|
| 3/20 ലൈഫ് ഭവനനിർമ്മാണ പദ്ധതി | 98,00,000/- (വികസന ഫണ്ട് | 98,00,000/- (ബിൽ നം 8/5-9-19 തുക 999112/-, |

| | | |
|---|---|---|
| -ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കൽ | ജനറൽ) | ബിൽ നം 11/31-8-19 തുക 8800888/-) |
| 4/20 ലൈഫ് ഭവനനിർമ്മാണ പദ്ധതി -ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കല് | 87,50,000/- (വികസന ഫണ്ട് എസ്.സി.പി) | 8750,000/- (ബിൽ നം7/31-8-19 തുക 999190/-, ബിൽ നം 10/31-8-19 തുക 7750810/-) |
| 22/20 ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം | 100,000/- (വികസന ഫണ്ട് ജനറൽ) | 100,000/- (278/26-3-20) |
| 32//20 ആയുർവ്വേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ-ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കൽ | 400000/- (വികസന ഫണ്ട് ജനറൽ) | 400000/- (ബിൽ നം 44/21-8-19 തുക 200000/-, ബിൽ നം 290/26-3-20 തുക 200000/-) |
| 120/20 ജീവനം ജില്ലാപഞ്ചായത്ത് ഡയാലിസിസ് യൂണിറ്റ് വിഹിതം നല്കൽ | 100000/- (വികസന ഫണ്ട് ജനറൽ) | 100000/-(ബിൽ നം 45/21-8-19) |
| 33/20 ആശ്രയ പ്രോജക്ടുകൾക്ക് ഗ്രാമപഞ്ചായത്തിന് വിഹിതം നല്കൽ | 654300/- (വികസന ഫണ്ട് ജനറൽ) | 221000/- (ബിൽ നം 278/26-3-20 തുക 201000/-, ബിൽ നം 297/26-3-20 തുക 20000/-) |
| 149//20 പാലിയേറ്റീവ് പരിചരണം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കൽ | 874830/- | 799998/- (ബിൽ നം 291/26-3-20 തുക 300000/-, ബിൽ നം 292/26-3-20 തുക 100000/-, ബിൽ നം 293/26-3-20 തുക 99998/-, ബിൽ നം 294/26-3-20 തുക 300000/-) |
| | ആകെ | 2,01,70,998/- |

മേൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കിയതിന്റെ രേഖകളോ, തുകയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കുന്നത് വരെ വിഹിതമിനത്തിൽ നല്കിയ 2,01,70,998/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 1/25-2-22.

തടസ്സപ്പെടുത്തുന്ന തുക – 2,01,70,998/- രൂപ.

1-21 തുല്യതാപരീക്ഷകൾക്ക് വിഹിതം നല്കൽ-രേഖകൾ ഹാജരാക്കിയില്ല..

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 1) 13/20 പത്താം തരം തുല്യതാ പരീക്ഷയ്ക്ക് വിഹിതം ഒടുക്കൽ,<br>2) 17/20 തുല്യതാ ഭാഷാ കോഴ്സ് -ഗുഡ് ഇംഗ്ലീഷ്. |
| അടങ്കൽ തുക | 1) 44,400/-രൂപ (വികസനഫണ്ട് ജനറൽ)<br>2) 1,00,000/-രൂപ (വികസനഫണ്ട് ജനറൽ) |
| ചെലവഴിച്ച തുക | 1) 25,900/-രൂപ (ബിൽ നം. 34//20-3-20)<br>2) 1,00,000/-രൂപ (ബിൽ നം. 22/29-11-19) |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ രണ്ട് പദ്ധതികളിലുമായി സാക്ഷരതാമിഷന് വിഹിതം ഒടുക്കിയെങ്കിലും രണ്ട് പദ്ധതികളിലെയും പഠിതാക്കളുടെ പേര് വിവരം ഉൾപ്പെട്ട ലിസ്റ്റ് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

പത്താം തരം തുല്യതാ പരീക്ഷയ്ക്ക് വിഹിതം ഒടുക്കൽ എന്ന പദ്ധതിയിൽ 14 ഗുണഭോക്താക്കൾക്ക് 1,850/- രൂപ നിരക്കിൽ 25,900/-രൂപയും തുല്യതാ ഭാഷാ കോഴ്സ് എന്ന പദ്ധതിക്കായി 40 ഗുണഭോക്താക്കൾക്ക് 2,500/-രൂപ നിരക്കിൽ 1,00,000/-രൂപയും ഒടുക്കിയതിന്റെ രേഖകളും ഗുണഭോക്താക്കളുടെ പേര് വിവരം അടങ്ങിയ ലിസ്റ്റും മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ടി വ്യക്തികളുടെ അപേക്ഷകളോ, മേൽകോഴ്സുകൾക്ക് അപേക്ഷിക്കുന്നതിനുള്ള യോഗ്യത തെളിയിക്കുന്നതിനുള്ള രേഖകളോ, രജിസ്ട്രേഷൻ രേഖകളോ, പഠനത്തിൽ പങ്കെടുത്തതിന്റെയോ പാസ്സായതിന്റെയോ ജാതി തെളിയിക്കുന്നതിന്റെയോ (എസ്.സി./എസ്.റ്റി വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീ ഇളവുള്ളതിനാൽ) രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ രണ്ട് പദ്ധതികളിലുമായി ചെലവഴിച്ച 1,25,900/-രൂപ (25900+100000/-) തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 1/25-2-22.
തടസ്സപ്പെടുത്തുന്ന തുക–1,25,900/-രൂപ.

**1-22 കളരി -കായികരംഗത്ത് പരിശീലനമത്സരം സംഘടിപ്പിക്കൽ - അധികം തുക ചെലവഴിച്ചു.**

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 114/20 കളരി -കായികരംഗത്ത് യുവതീയുവാക്കളെ മികച്ച നിലവാരത്തിൽ എത്തിക്കുന്നതിന് പരിശീലനമത്സരം സംഘടിപ്പിക്കൽ |
| അടങ്കൽ തുക | 2,00,000/-രൂപ (തനതു ഫണ്ട്) |
| ചെലവഴിച്ച തുക | 1,74,330/-രൂപ<br>(ചെക്ക് നം 4450/2-1-20 തുക 1,12,120/-രൂപ,<br>ചെക്ക് നം 4456/3-1-20 തുക 62,210/-രൂപ)<br>ചെലവ് തുക സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. |

ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പഞ്ചായത്തുകളിൽ ഉൾപ്പെട്ട സ്പോർട്സ് ക്ലബ്ബുകളിൽ അംഗങ്ങളായ യുവതീയുവാക്കൾക്ക് കായികരംഗത്ത് മികച്ച പരിശീലനം ലഭ്യമാക്കുന്നതിനാണ് 2,00,000/- രൂപ തനതു ഫണ്ട് വകയിരുത്തിയാണ് മേൽപദ്ധതി അംഗീകരിച്ചിരുന്നത്. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.6.2.9ൽ പരിശീലകന്റെ നിയമനം സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് പരിശീലകരെ നിയമിച്ചതെന്ന് തെളിയിക്കുന്ന യോഗ്യത സംബന്ധിച്ച രേഖകളൊന്നും ഹാജരാക്കിയില്ല. ജില്ലാതദ്ദേശഭരണ സ്ഥാപനങ്ങളിലെ യുവജനക്ലബ്ബുകളിൽ (ഖ.7.6.2) നിന്നും വരുന്ന വോളിബോൾ, ഫുട്ബോൾ, ക്രിക്കറ്റ്, കബടി എന്നീ ഗെയിമുകൾ കൂടാതെ മറ്റ് ഏതെങ്കിലും പ്രാദേശിക പ്രത്യേകതയുള്ള ഗെയിമും ഉൾപ്പെടുത്തി ടീം രൂപീകരിച്ച് സെലക്ഷൻ ട്രയൽ കം ചാമ്പ്യൻഷിപ്പ് നടത്തണമെന്നും (ഖ.7.6.3) തെരഞ്ഞെടുക്കപ്പെടുന്ന ടീമിന് ഒരു മാസത്തെ പരിശീലനം സംഘടിപ്പിക്കുന്നതിനും ടീം അംഗങ്ങൾക്ക് സർട്ടിഫിക്കറ്റും യൂണിഫോമും ക്യാഷ് അവാർഡുകളും ട്രോഫിയും നല്കുന്നതിനും ഒരു ഗെയിമിന് എല്ലാ ചെലവുകൾക്കുമായി 30,000/-രൂപ വീതം ഉപയോഗിക്കാവുന്നതാണെന്നും

വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങളൊന്നും പാലിച്ചതിന്റെ രേഖകൾ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. 5 ഗെയിമുകൾക്ക് 30,000/-രൂപ വീതം ആനുകൂല്യം നല്കുന്നതിനാണ് അനുമതിയുള്ളതെങ്കിലും 6 ഗെയിമുകൾക്കായി (ബാസ്കറ്റ് ബോൾ) തുക ചെലവഴിച്ചിട്ടുണ്ട്. ടീമുകളുടെ വിവരം, ടീമംഗങ്ങൾ ഉൾപ്പെട്ട സ്പോർട്സ് ക്ലബ്ബുകളുടെ രേഖകൾ, ടീമംഗങ്ങളുടെ പ്രായം തെളിയിക്കുന്നതിനുള്ള രേഖകൾ (18-45 വയസ്സ് വരെയുള്ള യുവാക്കൾ), പരിശീലനം നടത്തിയ സ്ഥലം മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 1,74,330/- രൂപയാണ് 28-11-19 മുതൽ 5-12-19 വരെയുള്ള പരിശീലനം, റീഫ്രഷ്മെന്റ് ചാർജ്, യൂണിഫോം വാങ്ങൽ എന്നിവയ്ക്കായി ചെലവഴിച്ചിട്ടുള്ളത്. സർക്കാർ നിർദ്ദേശപ്രകാരം മേൽ പദ്ധതി വഴി 5 ഗെയിമുകൾക്ക് ചെലവഴിക്കാവുന്ന പരമാവധി തുക 1,50,000/-രൂപ ആയിരിക്കെ അധികമായി ചെലവഴിച്ച 24,330/- രൂപ ഓഡിറ്റിൽ നിരാകരിക്കുകയും മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ 1,50,000/- രൂപ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. അധികമായി ചെലവഴിച്ച തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ ഒടുക്ക് വരുത്തി രേഖകൾ ഹാജരാക്കേണ്ടതും ആവശ്യമായ രേഖകൾ ഹാജരാക്കി 1,50,000/-രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. – 1/25-2-22.
തടസ്സപ്പെടുത്തുന്ന തുക–1,50,000/- രൂപ.

നിരാകരിക്കുന്ന തുക 24,330/-രൂപ.

1-23 മികവ് 2019 എസ്.എസ്.എൽ.സി പ്ലസ്ടു തലത്തിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കൽ - സർക്കാർ അനുമതിയില്ലാതെ പദ്ധതി നടപ്പിലാക്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 113/20 മികവ് 2019 എസ്.എസ്.എൽ.സി പ്ലസ്ടു തലത്തിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കൽ |
| അടങ്കൽ തുക | 2,00,000/-രൂപ (തനതു ഫണ്ട്) |
| ചെലവഴിച്ച തുക | 86,260/-രൂപ (ചെക്ക് നം 2924789/29-1-20)<br>(ചെലവ് തുക സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല) |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിക്കായി ഹാജരാക്കിയ രേഖകൾ പ്രകാരം 86,260/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി/സബ്സിഡി മാർഗ്ഗരേഖകളിൽ മേൽ പദ്ധതി നടത്തുന്നതിനുള്ള അനുമതി നല്കിയിട്ടില്ല. മേൽ പദ്ധതി നടത്തിപ്പിന് സർക്കാരിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ഹാജരാക്കണമെന്ന് അറിയിച്ചു കൊണ്ട് എൻക്വയറി നല്കിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. 306 മൊമെന്റോ വാങ്ങുന്നതിന് തുക ചെലവഴിച്ചതിന്റെ രേഖകൾ മാത്രമാണ് പരിശോധനയ്ക്കായി ഹാജരാക്കിയത്. കുട്ടികളുടെ അപേക്ഷകൾ, യോഗ്യതാ സർട്ടിഫിക്കറ്റുകൾ, മൊമെന്റോകൾ വിതരണം നടത്തിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതി ഫയലിൽ 306 എണ്ണം മൊമെന്റോ തയ്യാറാക്കുന്നതിനുള്ള തുക ഇനത്തിൽ 83,770/-രൂപ യൂണിവേഴ്സൽ ബുക്ക് സ്റ്റാൾ എന്ന സ്ഥാപനത്തിന് നല്കിയതിന്റെ കൈപ്പറ്റ് രസീതും ഹാജരാക്കിയിട്ടുണ്ട്. സർക്കാർ അനുമതിയില്ലാതെ നടപ്പിലാക്കിയ മേൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 86,260/-രൂപ നിരാകരിക്കുന്നു. തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 1/25-2-22.

**1-24 കൃഷി അസി.ഡയറക്ടർ നടപ്പിലാക്കിയ പദ്ധതികൾ -ഗുണഭോക്തൃവിഹിതം കളക്റ്റ് ചെയ്തതിന്റെയോ ഒടുക്കുവരുത്തിയതിന്റെയോ രേഖകൾ ഹാജരാക്കിയില്ല.**

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ |
| പ്രോജക്റ്റ് നം | 50/20 ഹരിത കേരളം തരിശ് രഹിത ശാസ്താം കോട്ട – രണ്ടാം ഘട്ടം |
| അടങ്കൽ തുക | 33,00,000/- രൂപ<br>(1300000/-രൂപ – വികസനഫണ്ട് ജനറൽ<br>20,00,000/-രൂപ – ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്നത്) |
| ചെലവഴിച്ച തുക | 692500/-രൂപ<br>(ബിൽ നം 3/27-2-20 തുക 3,77,500/-,<br>ബിൽ നം 4/27-2-20 തുക 3,15,000/-) |

ബ്ലോക്ക് പ്രദേശത്തെ 52 ഹെക്ടർ ഭൂമിയിൽ കർഷകകൂട്ടായ്മകൾ/ഗ്രൂപ്പുകൾ എന്നിവർക്ക് പച്ചക്കറി/കിഴങ്ങുവിള കൃഷി ചെയ്യുന്നതിന് സബ്സിഡി നല്കുന്നതിന് വേണ്ടിയാണ് മേൽ പദ്ധതി ആവിഷ്കരിച്ചിരുന്നത്. മേൽ പദ്ധതിയിൽ 520 ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്നതിനായി 2,500/-രൂപ സബ്സിഡി നിരക്കിൽ 13,00,000/-രൂപ ചെലവഴിച്ച് (6,07,500/- രൂപ കൃ ബിൽ ആയി 2020-21 ൽ മാറി) ഉത്പ്പാദനോപാധികൾ വാങ്ങി നല്കിയിട്ടുണ്ടെങ്കിലും 392 ഗ്രൂപ്പുകൾ കൈപ്പറ്റിയതിന്റെ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. കൂടാതെ ഉദ്പ്പാദനോപാധികൾ നേരിട്ട് വാങ്ങി നല്കമ്പോൾ ഗുണഭോക്തൃവിഹിതം കൃഷിഭവനിൽ സ്വീകരിച്ച് ബ്ലോക്ക് ഓഫീസ് മുഖേനയാണ് കൈമാറേണ്ടതെങ്കിലും വികസന ഫണ്ട് 13,00,000/-രൂപ കൈമാറിയതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്)22/18 ത.സ്വ.ഭ.വ തീ 14.2.18 ഖ. 2.6 ലെ പൊതുനിബന്ധനകളിലും ഖ. 6.1.7 ലെ കൃഷി സംബന്ധിച്ച നിബന്ധനയിലും വ്യക്തികൾ/ഗുണഭോക്തൃ സമിതികൾ/ഗ്രൂപ്പുകൾ എന്നിവർ നേരിട്ടല്ലാതെ വാങ്ങിക്കുന്ന സംഗതികളിൽ ഉത്പ്പാദനോപാധികളും യന്ത്രോപകരണങ്ങളും നൽകുന്നതിന് മുമ്പായി സബ്സിഡി കഴിച്ചുള്ള തുക ഗുണഭോക്താക്കൾ പണമായി കൃഷിഭവനിൽ അടച്ചിരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളിൽ നിന്ന് /ഗ്രൂപ്പുകളിൽ നിന്ന് ഗുണഭോക്തൃ വിഹിതം കളക്റ്റ് ചെയ്യാതെയാണ് മേൽ പദ്ധതി നടപ്പിലാക്കിയത്. ഗുണഭോക്തൃ വിഹിതം കളക്റ്റ് ചെയ്തതിന്റെയും കൈകോയിൽ ഒടുക്കുവരുത്തിയതിന്റെയും രേഖകളും 128 യൂണിറ്റിന്റെ വിതരണരേഖകളും ആവശ്യപ്പെട്ടു കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കളക്റ്റ് ചെയ്ത് ഒടുക്കുവരുത്താനുള്ള ഗുണഭോക്തൃവിഹിതത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| കൈകോ ഇൻവോയ്സ് നം | ഒടുക്കുവരുത്തിയ സബ്സിഡി തുക (₹) | ഗുണഭോക്താക്കളിൽ നിന്ന് കളക്റ്റ് ചെയ്തത് ഒടുക്കുവരുത്തേണ്ടിയിരുന്ന ഗുണോക്തൃവിഹിതം (₹) |
|---|---|---|
| 1258/19-20 തീ. 11-3-20 | 3,12,500/- | 51,875/- |
| 1264/19-20 തീ. 11-3-20 | 2,95,000/- | 48,970/- |
| 800/19-20 തീ. 30-12-19 | 3,15,000/- | 52,290 |
| 726/13-12-19 | 3,77,500/- | 77,305/- |
| | 13,00,000/- | 2,30,440/- |

ഗുണഭോക്തൃവിഹിതം അടയ്ക്കുന്നവർക്ക് വേണ്ടി മാത്രം സബ്സിഡി ചെലവഴിക്കേണ്ടതിനാൽ

ഗുണഭോക്തൃവിഹിതം അടച്ചതിന്റെ രേഖകളുടെയും വിതരണ രേഖകളുടെയും അഭാവത്തിൽ പദ്ധതിക്ക് വേണ്ടി വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ച 13,00,000/- രൂപയിൽ 2019-20ൽ ചെലവഴിച്ച 6,92,500/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറിനം 10/28-2-22.

തടസ്സപ്പെടുത്തുന്ന തുക 692500/-രൂപ.

1-25 ബ്ലോക്ക് പഞ്ചായത്തിനും വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കും കമ്പ്യൂട്ടറും ഫോട്ടോസ്റ്റാറ്റ് മെഷീനും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ -സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 89/20 ബ്ലോക്ക് പഞ്ചായത്തിനും വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കും കമ്പ്യൂട്ടറും ഫോട്ടോസ്റ്റാറ്റ് മെഷീനും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ തുക | 5,00,000/-രൂപ<br>(തനത്ഫണ്ട്-1,25,000/-രൂപ<br>മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് 3,75,000/-രൂപ) |
| ചെലവഴിച്ച തുക | 2,93,500/-<br>(ബിൽ നം 2/7-5-19 മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്) |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ ഹൈടെക് കമ്പ്യൂട്ടേഴ്സ് കരുനാഗപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്നും 5 കമ്പ്യൂട്ടറുകൾ, 5 പ്രിന്റർ എന്നിവ വാങ്ങുന്നതിനായി 2,93,500/-രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ടെണ്ടർ നടപടികളുടെ വിവരങ്ങളും തുക കൈമാറിയതിന്റെ ബില്ലുമല്ലാതെ മറ്റ് രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ ഉപകരണങ്ങൾ കൈപ്പറ്റിയതിന്റെയോ സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ രേഖകൾ ഹാജരാക്കാത്തതിനാൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 2,93,500/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽ വിഷയം സൂചിപ്പിച്ച നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. – 1/25-2-22.
തടസ്സപ്പെടുത്തുന്ന തുക–2,93,500/- രൂപ.

1-26 ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് ലാപ്ടോപ്പ് വാങ്ങൽ

122/20-ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് ലാപ്ടോപ്പ് വാങ്ങൽ എന്ന പദ്ധതി (അടങ്കൽ തുക 50,000/-രൂപ, തനതു ഫണ്ട്) വഴി കെൽട്രോണിൽ നിന്നും ലാപ്ടോപ്പ് വാങ്ങുന്നതിനായി 33,478/-രൂപ (തനതു ഫണ്ട് ചെക്ക് നം 2924761/30-12-19) കെൽട്രോണിൽ നിന്നുള്ള ബിൽ പ്രകാരം നല്കിയിട്ടുണ്ട്. കെൽട്രോണിന്റെ ബില്ലിൽ (TVM/ITBG/P1/RC/10121/19-20 Dtd 21.10.2019) Medium End Windows 10prof ലാപ്ടോപ്പ് 2.3GHZ/2.4GHZ സ്പീഡ് ഉള്ളതുമായ Intel Core I3 Processor എന്നാണ് ബില്ലിൽ കാണിച്ചിട്ടുള്ളത്. എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ ലാപ്ടോപ്പ് 1.2GHZ സ്പീഡ് ഉള്ളതും Windows11 Prof എഡിഷനിലുള്ളതുമാണ്. ബിൽ പ്രകാരമുള്ള സ്പെസിഫിക്കേഷനിൽ നിന്നും വ്യത്യസ്തമായ ലാപ്ടോപ്പ് കെൽട്രോണിൽ നിന്നും ലഭ്യമായതിന്മേൽ സ്വീകരിച്ച നടപടിയുടെ വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് എൻക്വയറി നല്കിയെങ്കിലും മറുപടി

ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിന് രേഖാമൂലമുള്ള വിശദീകരണം ലഭ്യമാക്കുന്നത് വരെ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

എൻക്വയറി നം. 13/2-3-22.

തടസ്സപ്പെടുത്തുന്ന തുക-33,478/-രൂപ.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കളരി -കായികരംഗത്ത് പരിശീലനമത്സരം സംഘടിപ്പിക്കൽ - അധികം തുക ചെലവഴിച്ചു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 114/20 കളരി -കായികരംഗത്ത് യുവതീയുവാക്കളെ മികച്ച നിലവാരത്തിൽ എത്തിക്കുന്നതിന് പരിശീലനമത്സരം സംഘടിപ്പിക്കൽ |
| അടങ്കൽ തുക | 2,00,000/-രൂപ (തനതു ഫണ്ട്) |
| ചെലവഴിച്ച തുക | 1,74,330/-രൂപ<br>(ചെക്ക് നം 4450/2-1-20 തുക 1,12,120/-രൂപ,<br>ചെക്ക് നം 4456/3-1-20 തുക 62,210/-രൂപ)<br>ചെലവ് തുക സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. |

ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പഞ്ചായത്തുകളിൽ ഉൾപ്പെട്ട സ്പോർട്സ് ക്ലബ്ബുകളിൽ അംഗങ്ങളായ യുവതീയുവാക്കൾക്ക് കായികരംഗത്ത് മികച്ച പരിശീലനം ലഭ്യമാക്കുന്നതിനാണ് 2,00,000/- രൂപ തനതു ഫണ്ട് വകയിരുത്തിയാണ് മേൽപദ്ധതി അംഗീകരിച്ചിരുന്നത്. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.6.2.9ൽ പരിശീലകന്റെ നിയമനം സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് പരിശീലകരെ നിയമിച്ചതെന്നു തെളിയിക്കുന്ന യോഗ്യത സംബന്ധിച്ച രേഖകളൊന്നും ഹാജരാക്കിയില്ല. ജില്ലാതദ്ദേശഭരണ സ്ഥാപനങ്ങളിലെ യുവജനക്ലബ്ബുകളിൽ (ഖ.7.6.2) നിന്നും വരുന്ന വോളിബോൾ, ഫുട്ബോൾ, ക്രിക്കറ്റ്, കബഡി എന്നീ ഗെയിമുകൾ കൂടാതെ മറ്റ് ഏതെങ്കിലും പ്രാദേശിക പ്രത്യേകതയുള്ള ഗെയിമും ഉൾപ്പെടുത്തി ടീം രൂപീകരിച്ച് സെലക്ഷൻ ട്രയൽ കം ചാമ്പ്യൻഷിപ്പ് നടത്തണമെന്നും (ഖ.7.6.3) തെരഞ്ഞെടുക്കപ്പെടുന്ന ടീമിന് ഒരു മാസത്തെ പരിശീലനം സംഘടിപ്പിക്കുന്നതിനും ടീം അംഗങ്ങൾക്ക് സർട്ടിഫിക്കറ്റും യൂണിഫോമും ക്യാഷ് അവാർഡുകളും ട്രോഫിയും നല്കുന്നതിനും ഒരു ഗെയിമിന് എല്ലാ ചെലവുകൾക്കുമായി 30,000/-രൂപ വീതം ഉപയോഗിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങളൊന്നും പാലിച്ചതിന്റെ രേഖകൾ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. 5 ഗെയിമുകൾക്ക് 30,000/-രൂപ വീതം ആനുകൂല്യം നല്കുന്നതിനാണ് അനുമതിയുള്ളതെങ്കിലും 6 ഗെയിമുകൾക്കായി (ബാസ്കറ്റ് ബോൾ) തുക ചെലവഴിച്ചിട്ടുണ്ട്. ടീമുകളുടെ വിവരം, ടീമംഗങ്ങൾ ഉൾപ്പെട്ട സ്പോർട്സ് ക്ലബ്ബുകളുടെ രേഖകൾ, ടീമംഗങ്ങളുടെ പ്രായം തെളിയിക്കുന്നതിനുള്ള രേഖകൾ (18-45 വയസ്സ് വരെയുള്ള യുവാക്കൾ),

പരിശീലനം നടത്തിയ സ്ഥലം മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 1,74,330/- രൂപയാണ് 28-11-19 മുതൽ 5-12-19 വരെയുള്ള പരിശീലനം, റീഫ്രഷ്മെന്റ് ചാർജ്, യൂണിഫോം വാങ്ങൽ എന്നിവയ്ക്കായി ചെലവഴിച്ചിട്ടുള്ളത്. സർക്കാർ നിർദ്ദേശപ്രകാരം മേൽ പദ്ധതി വഴി 5 ഗെയിമുകൾക്ക് ചെലവഴിക്കാവുന്ന പരമാവധി തുക 1,50,000/-രൂപ ആയിരിക്കെ അധികമായി ചെലവഴിച്ച 24,330/- രൂപ ഓഡിറ്റിൽ നിരാകരിക്കുകയും മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ 1,50,000/- രൂപ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. അധികമായി ചെലവഴിച്ച തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ ഒടുക്ക് വരുത്തി രേഖകൾ ഹാജരാക്കേണ്ടതും ആവശ്യമായ രേഖകൾ ഹാജരാക്കി 1,50,000/-രൂപയുയെ തടസ്സം ഒഴിവാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. – 1/25-2-22.

തടസ്സപ്പെടുത്തുന്ന തുക–1,50,000/- രൂപ.

നിരാകരിക്കുന്ന തുക 24,330/-രൂപ.

3-2 മികവ് 2019 എസ്.എസ്.എൽ.സി പ്ലസ്ടു തലത്തിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കൽ - സർക്കാർ അനുമതിയില്ലാതെ പദ്ധതി നടപ്പിലാക്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 113/20 മികവ് 2019 എസ്.എസ്.എൽ.സി പ്ലസ്ടു തലത്തിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കൽ |
| അടങ്കൽ തുക | 2,00,000/-രൂപ (തനതു ഫണ്ട്) |
| ചെലവഴിച്ച തുക | 86,260/-രൂപ (ചെക്ക് നം 2924789/29-1-20)<br>(ചെലവ് തുക സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല) |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിക്കായി ഹാജരാക്കിയ രേഖകൾ പ്രകാരം 86,260/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി/സബ്സിഡി മാർഗ്ഗരേഖകളിൽ മേൽ പദ്ധതി നടത്തുന്നതിനുള്ള അനുമതി നല്കിയിട്ടില്ല. മേൽ പദ്ധതി നടത്തിപ്പിന് സർക്കാരിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ഹാജരാക്കണമെന്ന് അറിയിച്ചു കൊണ്ട് എൻക്വയറി നല്കിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. 306 മൊമെന്റോ വാങ്ങുന്നതിന് തുക ചെലവഴിച്ചതിന്റെ രേഖകൾ മാത്രമാണ് പരിശോധനയ്ക്കായി ഹാജരാക്കിയത്. കുട്ടികളുടെ അപേക്ഷകൾ, യോഗ്യതാ സർട്ടിഫിക്കറ്റുകൾ, മൊമെന്റോകൾ വിതരണം നടത്തിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതി ഫയലിൽ 306 എണ്ണം മൊമെന്റോ തയ്യാറാക്കുന്നതിനുള്ള തുക ഇനത്തിൽ 83,770/-രൂപ യൂണിവേഴ്സൽ ബുക്ക് സ്റ്റാൾ എന്ന സ്ഥാപനത്തിന് നല്കിയതിന്റെ കൈപ്പറ്റ് രസീതും ഹാജരാക്കിയിട്ടുണ്ട്. സർക്കാർ അനുമതിയില്ലാതെ നടപ്പിലാക്കിയ മേൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 86,260/-രൂപ നിരാകരിക്കുന്നു. തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 1/25-2-22.

3-3 ക്ഷീരവർദ്ധിനി വനിതാ ഗ്രൂപ്പുകൾക്ക് വേണ്ടിയുള്ള ചെലവ് ചട്ടവിരുദ്ധം

2019-20 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് ക്ഷീരവികസന ഓഫീസിലെ ക്ഷീരവർദ്ധിനി വനിതാ ഗ്രൂപ്പുകൾക്ക് ഡയറി യൂണിറ്റ് പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് തപാൽസ്റ്റാമ്പ്, സ്റ്റേഷനറി സാധനങ്ങൾ എന്നിവ വാങ്ങിയതിന് 1,825/- രൂപ (ചെക്ക് നം:

2924727/06.11.19) നൽകി. എന്നാൽ ചെലവിന് ആധാരമായ യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിലും ക്ഷീരവർദ്ധിനി ഗ്രൂപ്പുകളുടെ ഈ ചെലവുകൾ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ചത് ക്രമപ്രകാരമല്ലാത്തതിനാലും ചെലവഴിച്ച 1,825/- രൂപ നിരാകരിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം: 11/02.02.22.

നിരാകരിച്ച ചെലവ് : 1,825/- രൂപ.

3-4 പട്ടികജാതി വിഭാഗക്കാർക്ക് വിദേശത്ത് തൊഴിൽ ലഭ്യമാക്കാൻ ധനസഹായം നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല, നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

പ്രോജക്ട് നം-S0011/20.
അടങ്കൽ തുക-12,00,000/-രൂപ (വികനഫണ്ട്-എസ്.സി.പി).
ചെലവ് – 5,00,000/-രൂപ.
നിർവ്വഹണം – എസ്.സി.ഡി.ഒ.

സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം. 22/18/തസ്വഭവ, തീയതി 14-02-2018, ഖണ്ഡിക 7.2.4 പ്രകാരം പട്ടികജാതി വിഭാഗക്കാർക്ക് വിദേശത്ത് തൊഴിൽ ലഭ്യമാക്കാൻ ധനസഹായം നൽകണമെങ്കിൽ തൊഴിൽ വിസയും, വിമാനടിക്കറ്റും ഹാജരാക്കേണ്ടതാണ്. ഗുണഭോക്തൃലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണം. ആയതിനു ശേഷം ഗ്രാമ/വാർഡ് സഭയിൽ അവതരിപ്പിക്കേണ്ടതുമാണ്. 2019-20 വർഷത്തിൽ എസ്.സി.ഡി.ഒ. നിർവ്വഹണം നടത്തിയ മേൽ പദ്ധതിയുടെ അപാകതകൾ താഴെപ്പറയും പ്രകാരമാണ്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് വിവരം | നൽകിയ തുക/ബിൽ നം./ തിയതി | റിമാർക്സ് |
|---|---|---|---|
| 1. | അമൽ.കെ അനന്ദു ഭവനം, മുതുപിലാക്കാട് പടിഞ്ഞാറ് | ₹1,00,000/- (14/19-20 Dt.24.8.19) | ടിയാൾ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ആനുകല്യത്തിന് ഹാജരാക്കാൻ എസ്.സി.ഡി.ഒ, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് നൽകിയ സാക്ഷ്യപത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. സ.ഉ(കൈ)നം. 22/18/തസ്വഭവ, തീയതി 14-02-2018 പ്രകാരം ഗുണഭോക്തൃലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ആയതിനു ശേഷം ഗ്രാമ/വാർഡ് സഭയിൽ അവതരിപ്പിക്കേണ്ടതുമാണ്. ആയത് നടത്തിയിട്ടില്ല. |
| 2. | അനൂബ്.എ അജേഷ് ഭവനം അമ്പലത്തുംഭാഗം പോരുവഴി | ₹1,00,000/- (29/19-20 Dt.6.11.19) | വിസ പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല. |
| 3. | അനി, കൊച്ചുതുണ്ടിൽ മൈനാഗപ്പള്ളി (വാർഡ്-19) | ₹1,00,000/- (47/19-20 Dt.13.1.20) | ടിയാൾ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. സ.ഉ(കൈ)നം. 22/18/തസ്വഭവ, തീയതി 14-02-2018 പ്രകാരം ഗുണഭോക്തൃലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ആയതിനു ശേഷം ഗ്രാമ/വാർഡ് സഭയിൽ അവതരിപ്പിക്കേണ്ടതുമാണ്. ആയത് നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| | ആകെ | ₹3,00,000/- | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഫയൽ പരിശോധിച്ച് പിന്നീട് മറുപടി ഹാജരാക്കുന്നതാണെന്ന വിശദീകരണമാണ് ലഭ്യമാക്കിയത്. ആയതിനാൽ മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് മതിയായ വിശദീകരണം ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഗ്രാമസഭ അംഗീകരിക്കാത്ത ക്രമ നം. 1, 3 എന്നിവരുടെ ചെലവ് തുക 2,00,000/-രൂപ നിരാകരിക്കുകയും വിസ ഹാജരാക്കാത്ത 1,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം, മേൽ ഗുണഭോക്താക്കളുടെ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ്, വിസ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം.-2/28.2.22.

നിരാകരിക്കുന്ന തുക – 2,00,000/-രൂപ.

തടസ്സപ്പെടുത്തുന്ന തുക – 1,00,000/-രൂപ.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 2022 ഫെബ്രുവരി 21 & 22 | കെ.എസ്.എ.കെ.എൽ.എം.പി10/485/22<br>തീയതി-08.06.2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

(മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.)

ഇല്ല.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

### 4-6 സ്ഥിര നിക്ഷേപം

ഇല്ല.

### 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

### 4-8 സമാഹൃത റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം

23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 മുതൽ 2004-05 വരെ | 3.25 | 2007-08 | 3.10.1 | കൊയ്ത്ത് മെതിയന്ത്രം വാങ്ങുന്നതിനുള്ള പദ്ധതി-ആത്യന്തികമായി പാഴ്ച്ചെലവായി മാറി | അക്കൗണ്ട്സ് സമിതിയുടെ പരിഗണനയിൽ |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 24,330/- | ശ്രീ. കെ. അനിൽകുമാർ, സെക്രട്ടറി |
| 3-2 | | 86,260/- | ശ്രീ. കെ. അനിൽകുമാർ, സെക്രട്ടറി |
| 3-3 | | 1,825/- | ശ്രീ. കെ. അനിൽകുമാർ, സെക്രട്ടറി |
| 3-4 | | 1,00,000/- | ശ്രീമതി. സിന്ധു പി. ഐ, എസ്.സി.ഡി.ഒ. |
| | | 1,00,000/- | ശ്രീ. ഹരിദാസ് ജി, എസ്.സി.ഡി.ഒ. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 12,780/- | ശ്രീ. കെ. അനിൽകുമാർ, സെക്രട്ടറി |
| 1-11 | 1,00,000/- | ശ്രീ. ഹരിദാസ് ജി, എസ്.സി.ഡി.ഒ. |
| 1-12 | 1,00,000/- | ശ്രീ. ഹരിദാസ് ജി, എസ്.സി.ഡി.ഒ. |
| 1-14 | 17,70,000/- | ശ്രീ. ഹരിദാസ് ജി, എസ്.സി.ഡി.ഒ. |
| 1-16 | 36,920/- | ശ്രീ. കെ. അനിൽകുമാർ, സെക്രട്ടറി |
| 1-19 | 4,79,366/- | ശ്രീ. കെ. അനിൽകുമാർ, സെക്രട്ടറി |
| 1-20 | 2,01,70,998/- | ശ്രീ. കെ. അനിൽകുമാർ, സെക്രട്ടറി |
| 1-21 | 1,25,900/- | ശ്രീ. കെ. അനിൽകുമാർ, സെക്രട്ടറി |
| 1-22 | 1,50,000/- | ശ്രീ. കെ. അനിൽകുമാർ, സെക്രട്ടറി |
| 1-24 | 6,92,500/- | ശ്രീമതി.പുഷ്പ ജോസഫ് (അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ) |
| 1-25 | 2,93,500/- | ശ്രീ. കെ. അനിൽകുമാർ, സെക്രട്ടറി |

| | | |
|---|---|---|
| 1-26 | 33,478/- | ശ്രീ. കെ. അനിൽകുമാർ, സെക്രട്ടറി |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അ ന്വേഷണം ആവശ്യമായവ

ഇല്ല.

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ. അനിൽകുമാർ, സെക്രട്ടറി | സെക്രട്ടറി, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് | കല്ലരാവിൽ, വേങ്ങ പി. ഒ, ശാസ്താംകോട്ട |
| ശ്രീമതി. പുഷ്പ ജോസഫ്, അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ശാസ്താംകോട്ട | കൈപ്പള്ളഴികം, പുലമൺ.പി.ഒകൊട്ടാരക്കര |
| ശ്രീമതി. സിന്ധു പി. ഐ, എസ്.സി.ഡി.ഒ. | സൂപ്രണ്ട്, എം. ആർ. എസ്, ആലപ്പുഴ | സൗപർണ്ണിക, കോമന പി. ഒ, അമ്പലപ്പുഴ, ആലപ്പുഴ |
| ശ്രീ. ഹരിദാസ് ജി, എസ്.സി.ഡി.ഒ. | വിരമിച്ചു | നന്ദനം, പടനോർത്ത്, കരുനാഗപ്പള്ളി |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം. |
|---|---|---|
| 1995-96 മുതൽ 1997-98 വരെ | കെ.എസ്.എ.കെ.എൽ.എം.പി10/458(1)/18, 24.3.2018 | 8 |
| 1998-99 മുതൽ 2004-05 വരെ | കെ.എസ്.എ.കെ.എൽ.എം.പി10/458(2)/18, 24.3.2018 | 7 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി10/458(3)/18, 24.3.2018 | 10 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി1/165/16, 14.03.16 | 8 |
| 2007-08 | എൽ.എഫ്.ക്യു.ഡി.ബി-1536(4)/14, 2.7.14 | 7 |
| 2008-09 | എൽ.എഫ്.ക്യു.ഡി.ബി-1536(3)/14, 2.7.14 | 8 |
| 2009-10 | എൽ.എഫ്.ക്യു.ഡി.ബി-2306/14, 9.1.15 | 4 |
| 2010-11 | എൽ.എഫ്.ക്യു.ഡി.ബി-1536(1)/14, 2.7.14 | 6 |

| | | |
|---|---|---|
| 2011-12 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി/1498/14, 16.4.15 | 15 |
| 2012-13 & 2013-14 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി/2175/15, 18.2.16 | 9 |
| 2014-15 & 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.10/1513/17, 27.11.17 | 18 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി.10/2001/07, 7.12.2017 | 9 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി.10/403/19, 9.4.2019 | 14 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി.10/1194/20 15.1.21 | 17 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.